9

# ഒരു സൗഖ്യ സംഭവം

## (3:1-11)

പെന്തെകൊസ്തുനാൾ കഴിഞ്ഞ് എത്ര നാളായിക്കാണും എന്നു നമുക്കറിഞ്ഞുകൂടാ. 2-ാം അദ്ധ്യായം; ദിവസങ്ങൾ, ആഴ്ച്ചകൾ, മാസങ്ങൾ കൊണ്ടു ആദിമ സഭയുടെ പ്രവർത്തനങ്ങളുടെ ചുരുക്കമാകാം 2-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്തെ ലൂക്കോസിന്റെ പ്രസ്താവന. ഇപ്പോൾ പ്രേക്ഷക ശ്രദ്ധയാകർഷിച്ചുകൊണ്ട് ഒരു സൗഖ്യ സംഭവത്താൽ അതു പുനരാരംഭിക്കയാണ്. "അപ്പൊസ്തലന്മാരുടെ കയ്യാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു" എന്നു പ്രവൃത്തികൾ 2-ൽ ലൂക്കൊസ് വിവരിച്ചു (വാക്യം 43). ആ അത്ഭുതങ്ങളിൽ ഒന്നാണ് പ്രവൃത്തി 3 നൽകുന്നത് - യെഹൂദപ്രമാണിമാർക്കിടയിൽ അതുളവാക്കിയ നിഷേധഭാവം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവത്തിൽ, "ഇതുവരേയും ക്രിസ്ത്യാനികൾ സകല ജനത്തിന്റേയും കൃപ അനുഭവിച്ചു വന്നിരുന്നു" (2:47). ഇവിടെ ആ സാഹചര്യം മാറി യേശു മുന്നറിയിച്ച ഉപദ്രവം യോഹന്നാൻ 15:20-ൽ ആരംഭിച്ചു.

### സഹായികൾ (3:1)

3 അദ്ധ്യായം തുടങ്ങുന്നു, "ഒരിക്കൽ പത്രൊസും യോഹന്നാനും ഒമ്പതാം മണി നേരം [ഉച്ച കഴിഞ്ഞു 3 മണി.], പ്രാർത്ഥനാ സമയത്തു ദൈവാലയത്തിലേക്കു ചെല്ലുമ്പോൾ" (വാക്യം 1). പത്രൊസും യോഹന്നാനും മീൻപിടിക്കുന്ന കൂട്ടുകാരായിരുന്നു (ലൂക്കൊസ് 5:10), പിന്നെ യേശുവിനെ അനുഗമിക്കാൻ തുടങ്ങി, അവസാനം യേശുവിന്റെ ഭാഗമായി യേശുവിന്റെ ഉൾവലയത്തിലായി തീർന്നു (മത്തായി 17:1). അവസാനത്തെ പെസഹ പെരുന്നാൾ ആചരിക്കുവാൻ കൂടിവന്നു (ലൂക്കൊസ് 22:8); ശൂന്യമായ കല്ലറ കാൺ മാൻ അവർ ഒരുമിച്ചോടി (യോഹന്നാൻ 20:3, 4). ഇപ്പോൾ ഈ സ്നേ ഹിതന്മാർ ഒരുമിച്ചു ദൈവാലയത്തിൽ ചെന്നു.

അവർ "പ്രാർത്ഥനാ സമയത്തു," ദൈവാലയത്തിലേക്കു പോയതുകൊണ്ട് അവർ പ്രത്യേകമായി പ്രാർത്ഥിക്കാൻ പോയി എന്നാണ് മിക്ക വ്യാഖ്യാതാക്കളും കരുതുന്നത്. ഒരുപക്ഷേ ആയിരിക്കാം; എങ്ങനെയായാലും, ആ ആവശ്യത്തിനു പോയതാണെന്നൊന്നും വേദഭാഗത്തില്ല.[1] അപ്പൊസ്തലന്മാരും മറ്റു ക്രിസ്ത്യാനികളും ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വന്നിരുന്നു (2:46) - ജാതികൾക്കുള്ള മണ്ഡപത്തിൽ

(5:12) – കാരണം (1) പട്ടണത്തിൽ എല്ലാവർക്കും ഒരുമിച്ചു കൂടുവാനുള്ള ഏക സ്ഥലം അതു മാത്രമായിരുന്നു,[2] (2) *അവിടെ* വച്ചാണ് ആളുകൾ ഓടിക്കൂടി യേശുവിനെ കേൾക്കേണ്ടിയിരുന്നത്. അവർ എന്തിനാണ് *ആ* സമയത്തു ദൈവാലയത്തിൽ പോയത് എന്ന ചോദ്യത്തിനു ഉത്തരം ലഭിക്കുവാൻ അവർ അവിടെ എത്തിയപ്പോൾ ചെയ്തതു എന്ത് എന്ന മറു ചോദ്യം ചോദിച്ചാൽ മതി. അവർ ഒരു മനുഷ്യനെ സൗഖ്യമാക്കിയതുകൊണ്ട്, അവർക്കു യേശുവിനെക്കുറിച്ചു പ്രസംഗിക്കുവാനുള്ള അവസരം ഉണ്ടായി. പത്രോസും യോഹന്നാനും ദൈവാലയത്തിൽ പോയതിന്റെ, പ്രാഥമികമായ ഉദ്ദേശം ഒരുപക്ഷേ ജനത്തോടു യേശു തന്നെ ക്രിസ്തു എന്നു പറയുവാനായിരിക്കും (5:20, 21).

അതായിരുന്നു അടിസ്ഥാന കാരണമെങ്കിൽ, അവരെന്തിനാണ് "ഒമ്പതാം മണിനേരം, പ്രാർത്ഥനാ സമയത്തു പോയത്"? അവർ ആ സമയം തിരഞ്ഞെടുത്തതു ആ സമയത്തു അനേകർ ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ വരുമെന്ന് അവർക്കറിയാമായിരുന്നു. സ്ത്രീകളുടെ മണ്ഡപത്തിൽ[3] യെഹൂദന്മാർ ദിവസത്തിൽ മൂന്നു പ്രാവശ്യം, പ്രാർത്ഥനക്ക് കൂടി വന്നിരുന്നു.[4] അതിലൊന്നു ഉച്ചകഴിഞ്ഞു 3 മണിയായിരുന്നു.

### നിസ്സഹായർ (3:2)

പത്രോസും യോഹന്നാനും ദൈവാലയത്തിൽ ചെന്നപ്പോൾ, ചിലർ അവർക്കു മുൻപായി അവിടെയുണ്ടായിരുന്നു, ചിലർ എല്ലാ ദിവസവും ഓരോ മിനിറ്റും ദൈവാലയ പരിസരത്ത് ഉണ്ടാകുമായിരുന്നു – ആരാധിക്കുവാനായിരുന്നില്ല, മറിച്ച് നിലനില്പിനായിരുന്നു.

> അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു, അവനെ ദൈവാലയത്തിൽ ചെല്ലുന്നവരോടു[5] ഭിക്ഷ യാചിപ്പാൻ സുന്ദരം, എന്ന ദൈവാലയ ഗോപുരത്തിങ്കൽ ദിനമ്പ്രതി ഇരുത്തുമാറുണ്ട്[6] (വാക്യം 2).

"ദൈവാലയം" എന്നതു സൂചിപ്പിക്കുന്നതു ദൈവാലയ ഘടനയുടെ മുഴുവൻ ഭാഗവുമാകാം, അതുകൊണ്ട് ആ മനുഷ്യനെ കിടത്തിയിരുന്ന സ്ഥലം എവിടെ എന്നു കൃത്യമായി പറയാൻ സാദ്ധ്യമല്ല. കർശനമായി പറഞ്ഞാൽ, മദ്ധ്യഭാഗത്തുള്ള വിശുദ്ധ കെട്ടിടം – അതിൽ വിശുദ്ധസ്ഥലവും ഉൾപ്പെടുന്നു – അതായിരുന്നു ദൈവാലയം. പൊതുവായി, എങ്ങനെയായാലും, ദൈവാലയത്തിന്റെ *വിശുദ്ധ* പ്രാകാരങ്ങളും – യിസ്രായേലിന്റെ മണ്ഡപവും സ്ത്രീകളുടെ മണ്ഡപവും – ദൈവാലയം എന്നറിയപ്പെട്ടിരുന്നു. അതിലുപരി, ജാതികൾക്കുള്ള പ്രാകാരങ്ങൾ ഉൾപ്പെടുന്ന *മൊത്തം* ഘടനയും ദൈവാലയം – എന്നറിയപ്പെട്ടിരുന്നു. ഇവിടെ ഒരുപക്ഷേ, വിശുദ്ധസ്ഥലം എന്നറിയപ്പെടുന്ന സ്ഥലമായിരിക്കാം പരാമർശിച്ചത്, ആ യാചകനെ ഇരുത്തിയിരിക്കുന്നത് സ്ത്രീകളുടെ പ്രാകാരത്തിനരികിലുള്ള, പ്രവേശനഭാഗത്തായിരുന്നു. അവിടെയായിരുന്നു ആളുകൾ പ്രാർത്ഥനക്കു കൂടിയിരുന്നത്,[7] അവിടെയായിരുന്നു. "സുന്ദരം" എന്ന ദൈവാലയ ഗോപുരം.

പുരാതന അധികാരികളുടെ പ്രസ്താവനയനുസരിച്ചു, ദൈവാലയത്തിന്റെ വിശുദ്ധഭാഗത്തിനു ഒമ്പതു ഗോപുരങ്ങൾ ഉണ്ടായിരുന്നു. അവയിൽ എട്ടെണ്ണം 45 അടി ഉയരമുള്ളവയാണ്; ഒന്ന്, പുരാതന എഴുത്തുകാർ മുഖ്യഗോപുരത്തെ നിക്കാനോർ എന്നു വിളിച്ചിരുന്നു സ്ത്രീകളുടെ പ്രാകാരത്തിലേക്കുള്ള, മുഖ്യ ഗോപുരത്തിനു 75 അടി ഉയരമുണ്ട്. അതു, കൊരിന്ത്യർ താമ്രം കൊണ്ടുണ്ടാക്കിയതായിരുന്നു, "അതു അസാമാന്യ വൈശിഷ്ട്യമുള്ള ആളുകളാൽ പണി തീർത്തതും വെള്ളി പൂശി സ്വർണ്ണത്തിൽ പണി തീർത്തതുമായിരുന്നു."[8] ഈ ഗോപുരം കിഴക്കോട്ടു തിരിഞ്ഞിരുന്നു; കാലത്തു ആദ്യ കിരണങ്ങൾ താമ്രത്തിൽ പതിക്കുമ്പോൾ തീജ്വാലയുടെ ശോഭപരത്തിയിരുന്നു. അധികം പണ്ഡിതന്മാരും കരുതുന്നതു ഇതാണ് "സുന്ദരം" എന്ന ഗോപുരം എന്നാണ്.

ഈ ഗോപുരത്തിനടുത്ത് ഒരു മനുഷ്യൻ "അമ്മയുടെ ഉദരം മുതൽ മുടന്തനായവൻ ഉണ്ടായിരുന്നു." ഈ മനുഷ്യൻ ജനിച്ചപ്പോൾ, അവന്റെ പാദങ്ങളും കണങ്കാലും വളർച്ചയെത്തിയിരുന്നില്ല.[9] അവനു എഴുന്നേറ്റു നില്പാനോ നടക്കുവാനോ കഴിഞ്ഞിരുന്നില്ല. ഇന്നു നമുക്കുള്ള വൈദ്യ സാങ്കേതികത്വം അന്നുണ്ടായിരുന്നില്ല. ഒരാൾ മുടന്തോടുകൂടി ജനിച്ചാൽ, മുടന്തനായിത്തന്നെ ഇരിക്കും. അതിലേറെ, ഒരാൾക്കു നടക്കാൻ കഴിയാതിരുന്നാൽ, ജോലി ചെയ്യാനും സാദ്ധ്യമായിരുന്നില്ല.[10]

ഈ സംഭവത്തെ അനുമോദിക്കുവാൻ, ഈ മനുഷ്യനെ നിങ്ങളുടെ മനസിൽ *കാണേണ്ടതുണ്ട്*. "അവനു നാല്പതിലധികം വയസു പ്രായമുണ്ടായിരുന്നു" (4:22); ഒരുപക്ഷേ അവനു അമ്പതോ അറുപതോ വയസു പ്രായം തോന്നിച്ചേക്കാം. ഈ നാല്പതു വർഷത്തിൽ ഒരിക്കൽ പോലും അവന്റെ *കാലുകൾ* ഉപയോഗിച്ചിട്ടില്ല, പേശികൾ വളർന്നിട്ടില്ല; എളുപ്പത്തിൽ പൊട്ടാവുന്ന എല്ലുകളെ മൂടിയ തൊലിയുമായി നീളം കുറഞ്ഞ കാലുകൾ യാചകർ, ഇന്നത്തേപ്പോലെ തന്നെ, അന്നും അവരുടെ വൈകല്യം മുഴുവൻ വെളിപ്പെടുത്തി അനുകമ്പ പിടിച്ചു പറ്റും. ആ മനുഷ്യൻ തന്റെ കുറുകിയ കാലുകൾ കടന്നുപോകുന്നവർക്കു കാണത്തക്കവണ്ണമാണ് വസ്ത്രം ധരിച്ചിരിക്കുന്നത്.

ഈ പ്രത്യേക ദിവസം പ്രത്യേക മനുഷ്യനെ പത്രോസും യോഹന്നാനും സൗഖ്യമാക്കിയതു യാദൃശ്ചികമായിരുന്നില്ല. അപ്പൊ സ്തലന്മാർക്കു സഹതാപം ഉണ്ടായിട്ടു സൗഖ്യമാക്കിയതല്ല. പത്രോസും യോഹന്നാനും നൂറു കണക്കിനു പ്രാവശ്യം ആ മനുഷ്യനെ കടന്നു പോയിട്ടുണ്ടാവും; മറ്റു പല അവസരങ്ങളിലും അവർക്കു അവനെ സൗഖ്യമാക്കാമായിരുന്നു. അവർ ഈ പ്രത്യേക യാചകനെ (ആ സ്ഥലം യാചകരെക്കൊണ്ടു നിറഞ്ഞിരിക്കും) ഈ പ്രത്യേക അവസരത്തിൽ സൗഖ്യമാക്കുവാൻ ഉള്ള ചില കാരണങ്ങൾ: (1) എല്ലാവരും അവൻ അവിടെ ദീർഘ നാളുകൾ കിടക്കുന്നതായി കണ്ടിട്ടുണ്ട് (3:10, 16). (2) അവന്റെ ബാധയുടെ സ്വഭാവം നോക്കിയാൽ, സൗഖ്യമാക്കിയ അത്ഭുതത്തെ നിഷേധിക്കാൻ ആർക്കും സാദ്ധ്യമല്ല (4:16). (3) ഇത്ര പെട്ടെന്നു പുരുഷാരത്തെ കൂട്ടുവാനും യേശു തന്നെ ക്രിസ്തു എന്നു അവരെ ബോധ്യപ്പെടുത്തുവാനും മറ്റു വഴി ഒന്നും ഇല്ലായിരുന്നു.[11]

ആ യാചകന്റെ അന്നത്തെ ദിവസം ആരംഭിച്ചതു മറ്റു അനേകായിരം ദിവസങ്ങളെപോലെ ആയിരുന്നു എന്ന കാര്യത്തിൽ സംശയമേയില്ല, അവന്റെ ദിനം പുനഃ നിർമ്മാണത്തിനു പ്രയാസം ഉണ്ടാകയില്ല: അവൻ വളരെനേരത്തേ എഴുന്നേറ്റിരിക്കും[12] അവന്റെ മുഷിഞ്ഞ, നാറുന്ന, പഴന്തുണിയുമായി – തന്റെ വയറ്റിലെ വിശപ്പിന്റെ വിളി കാര്യമാക്കാതെ ഇരുന്നു.[13] അവൻ കാലിയായ പണസഞ്ചിയും, അപ്പത്തിന്റെ പാത്രവും ആയി മുഖത്തും, കൈകാലുകളിലും, അല്പം ചളി വാരി തേച്ചു.[14] അവനെ ചുമന്നു കൊണ്ടു ദൈവാലയത്തിലെത്തിക്കാൻ ആളുകൾ വരുമ്പോഴേക്കു അവൻ കഷ്ടിച്ച് ഇതെല്ലാം ചെയ്തു തീർന്നു.[15] ഇടുങ്ങിയ വീഥിയിലൂടെ അവർ അവനെ ഉന്തുവണ്ടിയിൽ തള്ളിക്കൊ ണ്ട് ജാതികളുടെ പ്രാകാരഗോപുരത്തിങ്കൽ, സാധാരണ കിടക്കാറുള്ള സ്ഥലത്തു, ഇറക്കി കിടത്തിയിട്ടു പോയിരിക്കും, അവന്റെ വൈകല്യമുള്ള കാലുകൾ, പരമാവധി പ്രദർശിപ്പിച്ച്, മുഖം ദയനീയമായി കൈകൾ, "ധർമ്മത്തിനായി, നീട്ടിപ്പിടിച്ചു." നിരാശനിറഞ്ഞ മറ്റൊരു ദിവസം ആരംഭിച്ചു. മറ്റുള്ള എല്ലാ ദിവസങ്ങളേക്കാളും ഈ ദിവസം വ്യത്യസ്തമായിരിക്കുമെന്ന് അവൻ അറിഞ്ഞില്ല – അവൻ വേഗം യേശുവിന്റെ പ്ലാനിലും പദ്ധതിയിലും ഭാഗമാകാനിരിക്കുന്നു.

**ആശയുള്ള (3:3-6)**

വൈകുന്നേരത്തെ യാഗത്തിനുള്ള സമയമായിരുന്നു. ഇപ്പോഴും ആ സാധു യാചകന്റെ പണസഞ്ചി ഘനം കുറഞ്ഞു തന്നെയിരുന്നു.[16] പ്രാർത്ഥനക്കു വരുന്നവർ ഔദാര്യശീലരല്ലെങ്കിൽ, മറ്റൊരു വിശന്നു ക്ഷീണിച്ച, ഉറങ്ങാത്ത, രാത്രിയായിരിക്കും.[17] പരിചിതരായ രണ്ടു പേർ അടുക്കുന്നതു കണ്ടു. "അവൻ പത്രൊസും യോഹന്നാനും ദൈവാലയത്തിൽ കടപ്പാൻ പോകുന്നതു കണ്ടിട്ടു, ഭിക്ഷ ചോദിച്ചു" (3:3). പിന്നെ അസാധാരണമായ ചിലതു സംഭവിച്ചു. "പത്രൊസ്, യോഹന്നാനോടു കൂടെ, 'അവനെ കണ്ടിട്ടില്ല!' " (വാക്യം 4) അവൻ കിടക്കുന്ന ദിക്കിലേക്കു, ഒന്നു കണ്ണോടിക്കും; അത്രമാത്രം. അവന്നു ഭിക്ഷ കൊടുക്കുന്നവരും കൊടുക്കാനുള്ളതു അവന്റെ കയ്യിൽ ഇട്ടിട്ടു വേഗം കടന്നു പോകും, തന്നെയുമല്ല അവനും എന്തെങ്കിലും കിട്ടുമോ എന്നല്ലാതെ മറ്റൊന്നും നോക്കാറില്ല; അവന്റെ കണ്ണുകൾ വിശ്രമമില്ലാതെ, തന്നെ സഹായിക്കാനുള്ളവരെ, നോക്കിക്കൊണ്ടിരുന്നു, ഈ രണ്ടുപേർ, അവന്റെ, അടുക്കൽ വന്നു, അവനെ ഉറ്റുനോക്കി "ഞങ്ങളെ നോക്ക!" എന്നു യാചകനോടു പറഞ്ഞു.

"അവൻ [യാചകൻ] വല്ലതും കിട്ടും എന്നു കരുതി, അവരെ സൂക്ഷിച്ചു നോക്കി" (വാക്യം 5). ഒരു പക്ഷെ അത്താഴം കഴിക്കാതെ തന്നെ അവന് പോകേണ്ടി വന്നേക്കാം! "എന്നാൽ പത്രൊസ് പറഞ്ഞു, 'വെള്ളിയും പൊന്നും എനിക്കില്ല' "[18] (വാക്യം 6). ആ യാചകനിൽ നിരാശ നിറഞ്ഞിരുന്നു. അവരുടെ അസാധാരണ പ്രവൃത്തികൾ അവനു നല്ലൊരു ദാനം കിട്ടുമെന്നു പ്രതീക്ഷിച്ചു; ഇപ്പോൾ അവനോടു പറഞ്ഞതു അവനെ പോലെ ദരിദ്രരാണ് അവരും എന്നാണ്!

മുടന്തൻ പ്രതീക്ഷിച്ചതു സൗഖ്യമായിരുന്നില്ല, പണമായിരുന്നു

എന്നു ശ്രദ്ധിക്കുക. ഈ അവസരത്തിനു മുൻപു ഈ മനുഷ്യനു യേശുവിൽ, വിശ്വാസമുണ്ടായിരുന്നോ "സൗഖ്യമാകുവാനുള്ള" കുറ ച്ചെങ്കിലും വിശ്വാസമുണ്ടായിരുന്നോ എന്നു വേദഭാഗത്തിൽ സൂചന പോലുമില്ല. പത്രൊസിന്റെ രണ്ടാമത്തെ പിന്തുടർച്ചാ – പ്രസംഗത്തിൽ, "ധഅതായതു., യേശുവിന്റെ നാമത്തിലുള്ളപ വിശ്വാസത്താൽ അവനു സൗഖ്യമായി" എന്നു പറയുന്നുണ്ട് (3:16), എന്നാൽ, അവിടെ പറയുന്ന വിശ്വാസം, അപ്പൊസ്തലന്മാരുടേതായിരുന്നു, സൗഖ്യം പ്രാപിച്ച മനു ഷ്യന്റേതായിരുന്നില്ല. പിന്നീട്, പൗലോസ് ഒരു രോഗിയെ സൗഖ്യമാ ക്കിയപ്പോൾ, രോഗിയുടെ വിശ്വാസത്താൽ സൗഖ്യമാക്കുന്നുണ്ട് (14:9),[19] എന്നാൽ അത്തരം പ്രസ്താവന പ്രവൃത്തി 3-ൽ ഇല്ല. ഞാൻ ഇതു ഊന്നി പറയുവാനുള്ള കാരണം – ഇന്നു "അത്ഭുതരോഗശാന്തി" നടത്തുമെന്ന് അവകാശപ്പെടുന്നവർ, സൗഖ്യമാകാത്തവർക്കു വിശ്വാസമില്ല എന്ന പഴി അവരിൽ ചുമത്തുകയാണ്: "അയാൾക്കു മതിയായ വിശ്വാസമുണ്ടായിരുന്നില്ല"[20] അതുകൊണ്ടാണ് സൗഖ്യമാ കാതിരുന്നത്. പുതിയ നിയമത്തിൽ, അത്ഭുതശക്തി നടത്തുവാൻ കഴി വുണ്ടായിരുന്നവരിൽ വിശ്വാസം അത്യന്താപേക്ഷിതമായിരുന്നു (മർക്കൊസ് 16:17, 18), അത്ഭുതം *ആവശ്യമായിരുന്ന* വ്യക്തിയുടെ വിശ്വാസ മല്ലായിരുന്നു.[21] പ്രവൃത്തി 3 വ്യക്തമാക്കുന്നത് മുടന്തന് വിശ്വാസമുണ്ടാ യിരുന്നു എന്നല്ല. അവൻ സൗഖ്യമല്ല പ്രതീക്ഷിച്ചത്, പണമാണ് – "വെള്ളിയും, പൊന്നും എന്റെ കയ്യിൽ ഇല്ല" എന്നു പത്രൊസ് പറഞ്ഞപ്പോൾ, അവന്റെ പ്രതീക്ഷയും നഷ്ടമായി.

### സൗഖ്യമാക്കൽ (3:6-8)

പത്രൊസ്, എങ്ങനെയായാലും, നിർത്തിയില്ല: "എനിക്കുള്ളതു നിനക്കു തരുന്നു: ..." (വാക്യം 6). നിങ്ങൾക്കും എനിക്കും വെള്ളിയും പൊന്നും, കണ്ടെന്നു വരികയില്ല, എന്നാൽ ദൈവശുശ്രൂഷക്കായി ന മ്മിൽ എന്തെങ്കിലും കാണും: താലന്തുകൾ, സമയം, ശക്തി എന്നിവ. നമുക്കുള്ളതിനെയാണ് ദൈവം ഉപയോഗിപ്പാൻ "ആവശ്യപ്പെടുന്നത്." ഈ സന്ദർഭത്തിൽ, പത്രൊസിന് വെള്ളിയേക്കാളും പൊന്നിനേക്കാളും വിലയേറിയതുണ്ടായിരുന്നു. അവൻ തുടർന്നു: "നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ – നടക്ക!" സൗഖ്യമാക്കലുമായ ബന്ധ ത്തിൽ യേശു ക്രിസ്തു എന്ന നാമം ആദ്യമായിട്ടാണ് ഇവിടെ രേഖ പ്പെടുത്തിയത്, എന്നാൽ ഇത് അവസാനത്തേതല്ല.[22]

"യേശുക്രിസ്തുവിന്റെ നാമത്തിൽ" എന്നത് ഒരു മർമ്മ പ്രധാ ന മായ അവതാരമായിട്ടല്ല അപ്പൊസ്തലന്മാർ ഉപയോഗിച്ചത്.[23] "യേശു വിന്റെ നാമത്തിൽ" സൗഖ്യമാക്കൽ എന്നത് യേശുക്രിസ്തുവിന്റെ ഉത്ത രവാദിത്വത്തെഒട്ടും കുറച്ചു കാണിക്കുന്നില്ല! പത്രോസും യോഹന്നാനും യേശു പക്ഷവാതരോഗിയോട്, "എഴുന്നേറ്റു, നിന്റെ കിടക്ക എടുത്തു വീട്ടിലേക്കു പോക" (മർക്കൊസ് 2:11) എന്നു പറഞ്ഞത് കേട്ടിരുന്നു. ആ മനുഷ്യൻ എഴുന്നേറ്റപ്പോൾ, ഉണ്ടായ അതിശയം അവർ കണ്ടിരു ന്നു അവൻ കിടക്ക ചുരുട്ടി, വാതിലിന് പുറത്തേക്കു പോയി. യേശുവിന് ഇപ്പോഴും സൗഖ്യമാക്കുവാൻ ശക്തിയുണ്ട് എന്നതിൽ അവർക്ക് സംശ

യമില്ലായിരുന്നു.

ആ ഭിക്ഷക്കാരൻ തീർച്ചയായും യേശുവിനെക്കുറിച്ച് കേട്ടിരുന്നു,[24] എന്നാൽ നടപ്പുമായ ബന്ധത്തിൽ വിവാദ നാമത്തെ എടുക്കുന്നത് എന്തിനെന്ന് ഒരുപക്ഷേ അവനറിഞ്ഞിരിക്കയില്ല. പത്രോസ് തന്നെ പരിഹസിക്കയാവും എന്നവൻ വിചാരിച്ചിരിക്കും. അവന് നടക്കാൻ കഴിയുമായിരുന്നെങ്കിൽ, എന്തിന് ഇത്രയും കാലം അംഗവൈകല്യത്തിന്റെ വേദനയുമായി ഭിക്ഷയാചിക്കേണ്ടിയിരുന്നു?

ആ മനുഷ്യൻ ഇളകാതിരുന്നപ്പോൾ, പത്രോസ് അടുത്തു വന്നു. "അവന്റെ വലംകൈയ്ക്ക് പിടിച്ച്, എഴുന്നേല്പിച്ചു; ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ചു"[25] (വാക്യം 7). വർഷങ്ങളോളം അവന്റെ കാലുകൾക്ക്, ലഭിച്ചതായ ഉറപ്പും ശക്തിയും, അവന്റെ നടുവിനും നരിയാണിക്കും ലഭിച്ച ശക്തിയും, അവൻ തീർച്ചയായും ഓർമ്മിച്ചിരിക്കും.

ഒരിക്കൽ കുടെ, ഈ രംഗം *ദൃശ്യമാക്കാൻ* ഞാൻ ആഗ്രഹി ക്കുന്നു. ആ വൈകല്യമുള്ള കാലുകളും നരിയാണികളും, മെലിഞ്ഞു നീണ്ട കാലുകളും ഓർമ്മിക്കുമല്ലൊ? നിങ്ങളുടെ കൺമുമ്പിൽ അവ ഒരുവനും ശക്തിപ്രാപിക്കുന്നത് കാണുക! ദൈവം എല്ലുകളുടെ ഘടന, പേശികളും കോശങ്ങളും വീണ്ടും പണിത് നഷ്ടപ്പെട്ട രക്ത ധമനികൾ, നിർജ്ജീവമായ നാഡികൾ, ഉറഞ്ഞുപോയ സന്ധികൾ – എല്ലാം ഒരു നിമിഷം കൊണ്ട് പുർവ്വസ്ഥിതിയിലായി! ഇത് എല്ലാവർക്കും കാണാവുന്ന അത്ഭുതമായിരുന്നു! ആർക്കും നിഷേധിക്കാനാകാത്ത ഒരത്ഭുതമായിരുന്നു അത്!

ആർക്കും നിഷേധിക്കാൻ കഴിയാത്ത അത്ഭുതമായിരുന്നു ഇത്. അസ്ഥികളേയും മാംസത്തേയും സൗഖ്യമാക്കുന്നതിലുപരിയായ അത്ഭുതമായിരുന്നു അത്, ആ യാചകന്റെ ശരീരത്തിലൂടെ ശക്തി കടന്നു വന്നപ്പോൾ അവൻ മുമ്പു ചെയ്യാത്തത് ചെയ്യാൻ ഒരുങ്ങി: "അവൻ കുതിച്ചെഴുന്നേറ്റു,[26] നടന്നു; *നടന്നും തുള്ളിയും,* ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടു കൂടെ ദൈവാലയത്തിൽ കടന്നു" (വാക്യം 8; എംഫസിസ്മൈൻ). ആ മനുഷ്യന്റെ കാലുകൾക്കും നരിയാണിക്കും ശക്തിലഭിച്ച ഉടനെ നടക്കുവാനും, തുള്ളിച്ചാടുവാനും, തുടങ്ങിയത് അത്ഭുതമായിരുന്നു. ഞാൻ കുട്ടിയായിരുന്നപ്പോൾ, *നടക്കുവാൻ* പഠിച്ചു; അതിന് കുറച്ചു സമയമെടുത്തു. പിന്നീട് ഞാൻ ചാടുവാൻ പഠിച്ചു. ഒരിക്കലും നടന്നിട്ടില്ലാത്ത ഈ മനുഷ്യൻ, ഉടനെ നടക്കുവാനും, ചാടുവാ*നും* തുടങ്ങി. ഗുരുതരമായി കാലുകൾക്കും കൈകൾക്കും, മുറിവേല്ക്കുന്ന ഒരാൾ അത് സുഖപ്പെട്ടാലും, അയാൾ നടക്കാൻ പഠിക്കേണ്ടതിന് തെറാപ്പി ആവശ്യമായിവരുന്നു. ഈ യാചകന് തെറാപ്പിയുടെ ആവശ്യമില്ലായിരുന്നു. കർത്താവ് അവന്റെ തലച്ചോറ് മാറ്റിവെച്ച് നൂറുകണക്കിന് പേശികളിലേക്ക് സന്ദേശമെത്തിക്കുവാനും നടക്കുവാനും ചാടുവാനും കഴിയുമാറാക്കി, "ഈ മനുഷ്യരെ എന്തു ചെയ്യേണ്ടു പ്രത്യക്ഷമായോരു അടയാളം അവർ ചെയ്തിരിക്കുന്നു എന്ന് യെരുശലേമിൽ പാർക്കുന്ന എല്ലാവർക്കും പ്രസിദ്ധമല്ലോ നിഷേധിപ്പാൻ നമുക്ക് കഴിവില്ല, എന്നു ന്യായാധിപസംഘം

പറഞ്ഞതിൽ അത്ഭുതപ്പെടാനില്ല" (4:16)!

ഇന്ന് അപ്പൊസ്തലന്മാർ സൗഖ്യമാക്കിയതുപോലെ സൗഖ്യമാക്കാൻ കഴിയും എന്ന് അവകാശപ്പെടുന്നവരുണ്ട്. ചില രോഗങ്ങൾ അവർക്ക് സൗഖ്യമാക്കാൻ കഴിയും എന്നതിൽ ഞാൻ സംശയിക്കുന്നില്ല. ഡോക്ടർമാർ നിരവധി രോഗങ്ങൾ രോഗികളുടെ മനസിൽനിന്നാണ് ആരംഭിക്കുന്നത് എന്നു പറയാറുണ്ട്. "സൈക്കോസൊമാറ്റിക്" എന്നത് "മനസ്" (*സൂക്കെ*[7]) എന്ന ഗ്രീക്കു വാക്കും "ശരീരം" (*സോമാ*) എന്ന ശരീരത്തിന്റെ ഗ്രീക്കു വാക്കും ചേർന്ന സംയുക്തവാക്കാണ് സൈക്കോസൊമാറ്റിക് എന്നതു ഒരു യഥാർത്ഥ രോഗപ്രശ്നമല്ല, എന്നു പറയാവുന്നതല്ല. "അതെല്ലാം അയാളുടെ തലയിലാണ്." മറിച്ച്, സൈക്കോസൊമാറ്റിക് എന്ന ആശയം മനസും ശരീരവും ഏറ്റവും അടുത്ത ബന്ധത്തിൽ ഒന്നു മറ്റൊന്നിനെ ബാധിക്കുന്നതാണ്. നാം ശാരീരികമായി രോഗികളായി തീരുമ്പോൾ മാനസികമായി, നാം നിരാശപ്പെടാറില്ലേ? അതുപോലെ നമ്മുടെ മനസ്സു കലുഷിതമായിരിക്കുമ്പോൾ, അതു നമ്മുടെ ശരീരത്തെയും ബാധിക്കും എന്നതും വാസ്തവമല്ലേ – തലവേദനയും വയറുവേദനയും വയറിളക്കം എന്നിവയും ഉണ്ടാകാറില്ലേ? ശരീരത്തിൽ മനസിനുള്ള സ്വാധീനശക്തി അനവധിപേർ തിരിച്ചറിയുന്നതിനേക്കാൾ വലുതാണ്. യഥാർത്ഥമെന്നു തെളിയിക്കപ്പെട്ട സൈക്കോസൊമാറ്റിക് അന്ധത, കേൾവിക്കുറവ്, മുടന്ത്, പക്ഷപാതം പോലും ഉണ്ടായിട്ടുണ്ട്. ഇത്തരം രോഗികളെ ആർക്കെങ്കിലും തനിക്കു സൗഖ്യമാക്കുവാനുള്ള ശക്തിയുണ്ടെന്നു, *ബോധ്യപ്പെടുത്താൻ* കഴിഞ്ഞാൽ (ഈ സംഭവത്തിൽ, *സൗഖ്യമാക്കേണ്ട ആൾക്കു വേണ്ടതു* വിശ്വാസമാണ് പ്രധാനമായും സൗഖ്യമാക്കാം.) സൗഖ്യപ്പെടുത്താൻ കഴിയുമെന്ന് ഇന്നു അവകാശ – പ്പെടുന്നവർക്കു ചില രോഗങ്ങൾ സൗഖ്യമാക്കാൻ കഴിയുമെന്ന് ഞാൻ സംശയരഹിതമായി പറയട്ടെ.

എന്നാൽ ഞാൻ സംശയിക്കു*ന്നതു* ഇവർക്കു *അപ്പൊസ്തലന്മാർ സൗഖ്യപ്പെടുത്തിയതുപോലെ* സൗഖ്യമാക്കാൻ – കഴിയുമെന്നതാണ്. "രോഗശാന്തി ശുശ്രൂഷ" നടക്കുന്ന സ്ഥലത്തു ഞാൻ പോയിട്ടുണ്ട്. ടെലിവിഷനിൽ അവർ ചെയ്യുന്നതു കണ്ടിട്ടുണ്ട്. സുന്ദരം എന്ന ഗോപുരത്തിങ്കൽ സംഭവിച്ചതിനു സദൃശ്യമായി അകലെനിന്നു നിയന്ത്രിക്കാവുന്ന ഒരത്ഭുതം ഞാൻ ഒരിക്കലും വേറൊരാളിലും കണ്ടിട്ടില്ല! ചില ആളുകൾ ഊന്നുവടിയിൽ വേദിയിലേക്കു വരികയും അതു വലിച്ചെറിഞ്ഞ് താങ്ങുവടി കൂടാതെ സ്റ്റേജിൽ നിന്നും ഇറങ്ങിപോകുന്നതു ഞാൻ കണ്ടിട്ടുണ്ട് ... ഉന്തുവണ്ടിയിൽ വന്നിട്ട് ആളുകൾ വലിഞ്ഞിഴഞ്ഞു നടക്കുന്നതു ഞാൻ കണ്ടിട്ടുണ്ട് ... പക്ഷേ മടങ്ങിയ കാലുകൾ നിവരുന്നതു ഞാൻ എന്റെ കണ്ണുകൾകൊണ്ട് കണ്ടിട്ടില്ല ... നടന്നിട്ടില്ലാത്ത ഒരാൾ കുതിച്ചെഴുന്നേല്ക്കുന്നതു ഞാൻ കണ്ടിട്ടില്ല. അടയാളപ്പെടുത്തുക: ദൈവം ഇന്നും നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കും. പക്ഷേ രീതി പുതിയ നിയമകാലത്തിൽ നിന്നു വ്യത്യസ്തമായിരിക്കും. ദൈവം നമ്മെ ഇന്നും സൗഖ്യമാകാൻ സഹായിക്കും. പക്ഷേ അവൻ ആ മുടന്തന്റെ കാര്യത്തിൽ ചെയ്തതുപോലെ പ്രകൃതി നിയമത്തെ നിശ്ചലമാക്കിക്കൊണ്ടല്ല. ദൈവം അപ്പൊസ്തലന്മാർക്കു കൊടുത്ത

അതേശക്തി ഇന്നു ആരിലും ഇല്ല![28]

## സന്തോഷവാൻ (3:8-11)

നമുക്കു നമ്മുടെ കഥയിലേക്കു തിരിച്ചു വരാം: സൗഖ്യമായ ഭിക്ഷക്കാരൻ പത്രൊസിലും യോഹന്നാനിലും നാം പറഞ്ഞു വന്ന ശക്തിയുണ്ടായിരു*ന്നതുകൊണ്ട്* ഉന്മത്തമായ സന്തോഷത്തിലായി. അന്തസിനെ മാറ്റിനിർത്തി; നാല്പതുകാരൻ കുതിച്ചെഴുന്നേറ്റു തുള്ളിച്ചാടി. വാക്യം8 പറയുന്നതു അവൻ തനിക്കു കിട്ടിയ പുതിയ – ആരോഗ്യത്തിനു "ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരുന്നു" എന്നാണ്; സൗഖ്യത്തിന്റെ യഥാർത്ഥ ഉറവിടം അവൻ തിരിച്ചറിഞ്ഞു. പത്രോസും യോഹന്നാനും സ്ത്രീകളുടെ ഗോപുരവാതിൽ കടന്നപ്പോൾ, അവൻ വിട്ടുപോയില്ല. "അവൻ അവരോടു, കൂടെ ദൈവാലയത്തിൽ കടന്നു" (വാക്യം 8).

പ്രാർത്ഥനക്കു വന്നവരെ ഇതു അമ്പരപ്പിച്ചിരിക്കും. അടുത്ത ഞായറാഴ്ച്ച, ആരാധന മദ്ധ്യേ, ഒരാൾ തുള്ളിച്ചാടി ഉന്മത്തനായി, "പ്രെയിസ്ഗോഡ്!" എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു കൊണ്ടുവന്നാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും എന്നു ഊഹിക്കുക. സൗഖ്യമായ യാചകൻ സ്ത്രീകളുടെ പ്രാകാരത്തിലേക്കു, ഓടി വന്നപ്പോൾ ആളുകളുടെ വികാരങ്ങൾ ഉണർത്തിയിരിക്കും. ഇളകിമറിഞ്ഞിരിക്കാം: "പവിത്രമായ പ്രാർത്ഥനാ ശുശ്രൂഷയെ ഈ മനുഷ്യൻവന്നു താറുമാറാക്കുവാൻ അവനെന്തു ധൈര്യമാണെന്നു നോക്കണേ എന്നു വിചാരിക്കും!" പെട്ടെന്ന്, എങ്ങനെയായാലും, അവരുടെ സ്വൈര്യക്കേട് മാറി അതിശയമായി:

> അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനം ഒക്കെയും കണ്ടു;[29] ഇവൻ സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചുകൊണ്ട്, ഇരുന്നവൻ എന്നു അറിഞ്ഞു അവന്നു സംഭവിച്ചതിനെക്കുറിച്ചു വിസ്മയവും പരിഭ്രമവും നിറഞ്ഞവരായി തീർന്നു (വാക്യം 9, 10).

വാക്യം 11 പറയുന്നതു "അവൻ പത്രൊസിനോടും യോഹന്നാനോടും ചേർന്നു നിന്നു എന്നാണ്." അവൻ അപ്പൊസ്തലന്മാരുടെ കൈപിടിച്ചു ഉച്ചത്തിൽ പറയുന്നു: "ഞാൻ സാധാരണ ഇരിക്കുന്ന സ്ഥലത്തിരുന്നു, ഭിക്ഷയാചിച്ചപ്പോൾ ഈ മനുഷ്യർ എന്നോടു എഴുന്നേറ്റു നടക്ക എന്നു പറഞ്ഞു. ഈ മനുഷ്യൻ എന്നെ പിടിച്ചെഴുന്നേല്പിച്ചു – ദൈവം എന്നെ സൗഖ്യമാക്കിയതു നോക്കുക! എന്നു പറയുന്നതു എനിക്കു കാണാൻ കഴിയും!"

അവൻ അന്തരീക്ഷത്തിലേക്കു ചാടുകയും താഴേക്കു വരി കയും ചെയ്തപ്പോൾ, വികൃത സ്ഥിതിയിലായിരുന്നവരുടെ കാതിൽ നിന്നു മറ്റു കാതുകളിലേക്കു സംഭവമെത്തി, സംഭവിച്ചതു അത്ഭുതമാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. ഈ ജനക്കൂട്ടത്തിന്റെ ആക്ഷേപവും ബഹളവും എനിക്കു കേൾക്കാം. അവർ പത്രോസി

നോടും യോഹന്നാനോടും ഭിക്ഷക്കാരനോടും ചോദ്യങ്ങൾ പലതു ചോദിച്ചേക്കാം. ഈ സംഭവിച്ചതു ദൈവാലയത്തിന്റെ മറ്റേഭാഗങ്ങളി ലെല്ലാം എത്തി,[30] ജനക്കൂട്ടം പെരുകി, സ്ത്രീകളുടെ പ്രാകാരം മുഴു വൻ നിറഞ്ഞു. അവസാനം, പത്രോസ് അവന്റെ കൈ പിടിച്ചു നടന്നു എല്ലാവർക്കും കൂടി നിന്നു പത്രോസിനെ കേൾക്കുവാനുള്ള സ്ഥലമു ണ്ടായിരുന്നു.[31] "ആ [ഭിക്ഷക്കാരൻ] പത്രോസിനോടും യോഹന്നാനോടും ചേർന്നു നില്ക്കുമ്പോൾ,[32] ജനമെല്ലാം അവരുടെ അടുക്കലേക്കു ശലോ മോന്റെ മണ്ഡപം എന്നറിയപ്പെടുന്ന ഗോപുരത്തിങ്കലേക്കു ഓടി,[33] വിസ്മയം പൂണ്ടാണ് അവർ ഓടിക്കൂടിയത്"[34] (വാക്യം 11).

ശലോമോന്റെ മണ്ഡപം സ്ഥിതി ചെയ്തിരുന്നത് ജാതികളുടെ പ്രാകാരത്തിന്റെ കിഴക്കു വശത്തെ മതിലിനുള്ളിലായിട്ടായിരുന്നു. അതിനു 600 അടി നീളം 60 അടി താഴ്ച്ചയുമുണ്ടായിരുന്നു.[35] കേദാരവൃക്ഷം കൊണ്ട് മേൽക്കൂരയുള്ള ഈ മണ്ഡപത്തിനു രണ്ടു നിരകളായി 27 അടിയുള്ള സ്തൂപങ്ങളും ഉണ്ടായിരുന്നു. യേശു അവിടെ ശുശ്രൂഷിച്ചിരുന്നു (യോഹന്നാൻ 10:23), ആദ്യക്രിസ്ത്യാനി കൾ കൂടിവന്ന പ്രസിദ്ധമായ സ്ഥലമായിരുന്നു ഇത് (5:12). ഇവിടെ പത്രോസ് നിന്നു പ്രസംഗിച്ചപ്പോൾ ആളുകൾക്കു കാണുവാനും കേൾക്കുവാനും കഴിഞ്ഞിരുന്നു.

മുൻപ്,യോഹന്നാൻ സ്നാപകനിൽ നിന്നുള്ള സന്ദേശവാഹ കനെന്ന മശിഹ വന്നു കഴിഞ്ഞു എന്നു മുടന്തർ "സൗഖ്യമായതിലൂടെ തെളിയിക്കപ്പെട്ടു" (ലൂക്കോസ് 7:22; മത്തായി 11:5). മശിഹായുഗത്തെ കുറിച്ച്, യെശയ്യാപ്രവാചകൻ എഴുതി പറഞ്ഞു, "അന്നു മുടന്തൻ മാനിനെ പോലെ ഓടും" (യെശയ്യാവ് 35:6). ശലോമോന്റെ മണ്ഡപ ത്തിൽ കൂടി വന്നവർ ഈ പ്രവചനം നിറവേറുന്നതു അത്ഭുതാവഹ മായി കണ്ടു. അവരുടെ മുഴുവൻ ശ്രദ്ധയും പത്രോസിനുണ്ടായി;[36] അവർ അവന്റെ പ്രസംഗം കേൾക്കാൻ തയ്യാറായി.

**ഉപസംഹാരം**

പത്രോസിന്റെ പ്രസംഗം നാം അടുത്ത പാഠത്തിൽ പഠിക്കും. ഇപ്പോൾ നാം ഇവിടെ നിർത്തി നമുക്കു ഇതു എങ്ങനെ പ്രയോഗത്തിൽ വരുത്താം എന്നുനോക്കാം. ഭിക്ഷക്കാരന്റെ അവസ്ഥ മുൻപ് ഞാനൊരു ചിത്രത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. എന്താണ് നിങ്ങളുടെ പ്രതികരണം? നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ, ഈ ചിന്ത നിങ്ങളെ പിടിച്ച് കുലുക്കിയേക്കാം, ശാരീരികമായി ആ മനുഷ്യൻ വികൃതമായി രുന്നതുപോലെ "ഞാൻ ആത്മീയമായി വൈകല്യമുള്ളവനായിരുന്നു. എനിക്കു എഴുന്നേല്ക്കുവാനും നടക്കുവാനും കർത്താവിന്റെ സഹായം ആവശ്യമാണ്"? ആ മനുഷ്യന്റെ സൗഖ്യത്തെ ഞാൻ വിവരിച്ചതുപോലെ, നിങ്ങൾ വാസ്തവത്തിൽ, "എനിക്കും, കർത്താ വിന്റെ സഹായത്താൽ, 'എഴുന്നേറ്റു നടക്കേണ്ടതുണ്ട് എന്ന് തോന്നു ന്നുവോ'" (3:26)?

ആ മുടന്തനെപോലെ, പലരും കർത്താവിനോടു "നാണയത്തുട്ടു കളാണ്," കർത്താവിന്നു ആത്മീയമായി *സൗഖ്യമാക്കുവാൻ* കഴിയു

മ്പോൾ ചോദിക്കുന്നത്! ഇപ്പോഴും സൗഖ്യമാക്കുവാൻ യേശുവിന്റെ നാമത്തിൽ ശക്തിയുണ്ട്. അവന്റെ വിശുദ്ധനാമത്തെ ഇനിയും നിങ്ങൾ ഏറ്റു പറഞ്ഞു അവന്റെ നാമത്തിൽ സ്നാനമേറ്റിട്ടില്ലെങ്കിൽ, *ഇപ്പോഴാണ്* സമയം. അന്നു ആ ഭിക്ഷക്കാരൻ ചെയ്തതുപോലെ ഇന്നു നിങ്ങൾ ''സന്തോഷംകൊണ്ട് തുള്ളിച്ചാടി'' ദൈവത്തെ പുകഴ്ത്തുവാൻ കഴിയും!

## ദൃശ്യ - സഹായക്കുറിപ്പുകൾ

വർഷങ്ങൾക്കു മുൻപ്, മെയിലിങ്ങ് ലിസ്റ്റിൽ ഒരു ''ഫെയിത്ത് ഹീലറുടെ അഡ്രസ് കണ്ടു." അനേക മാസങ്ങളോളം, ആരോഗ്യവും സമൃദ്ധിയും – എങ്ങനെ ഉറപ്പാക്കാമെന്നുള്ള കാര്യപരിപാടികൾ അയച്ചു തന്നു. മറ്റു സൂത്രങ്ങളോടൊപ്പം, എനിക്കു സൗഖ്യമാക്കുന്ന തുണി, എണ്ണ, പ്രാർത്ഥനാ ചവിട്ടുമെത്ത, പ്രാർത്ഥനാ മെഴുകുതിരി എന്നിവ അയച്ചു തന്നു. എനിക്ക് ഇഷ്ടപ്പെട്ട ഒന്ന് ഒരു ഷോവെർക്യാപ് ആയിരുന്നു. അതിൽ ഒരു കൈപ്രിന്റ് ചെയ്തിട്ടുണ്ട്. അവക്കൊപ്പം ഉണ്ടായിരുന്ന കത്തിൽ ഈ "രോഗശാന്തി നടത്തുന്നയാൾ" തന്റെ കൈ തൊപ്പിയിൽ വെച്ചിരിക്കുന്നു. ആ തൊപ്പി എന്റെ തലയിൽ വെക്കുമ്പോൾ ആ "രോഗശാന്തിക്കാരൻ" എന്റെ തലയിൽ കൈവെച്ചതിനു തുല്യമാണ്! ഞാൻ ഇവരുടെ ഈ സൂത്രങ്ങൾ എല്ലാം അപ്പൊസ്തലന്മാർ ചെയ്തതുമായി താരതമ്യം ചെയ്തു ഇന്നത്തെ ''രോഗശാന്തിയിലുള്ള'' വ്യത്യാസം എടുത്തുകാണിക്കാറുണ്ട്. ഇതേപോലെയുള്ള സൂത്രങ്ങൾ "രോഗശാന്തി" എന്നപേരിൽ നടത്തുന്നവർ നിങ്ങളുടെ പ്രദേശത്തു കാണാം.

## പ്രസംഗ ക്കുറിപ്പുകൾ

ഇന്ന് അറിയപ്പെടുന്ന അത്ഭുത രോഗശാന്തി നടത്തുന്നതിനെ ഫലപ്രദമായി ഖണ്ഡിക്കുവാൻ ബൈബിളിലെ അത്ഭുതങ്ങളുമായി താരതമ്യം ചെയ്യുകയാണ്. പ്രവൃത്തി 3 അതിനുള്ള അവസരം നിങ്ങൾക്കു തരുന്നു. ഇന്നു അത്ഭുതരോഗശാന്തി നടത്തുന്നു എന്നവകാശപ്പെടുന്നതും പ്രവൃത്തി 3ലെ വൈപരീത്യ ഉദാഹരണങ്ങളും എടുത്ത് ഒരു പ്രസംഗം നിങ്ങൾക്കു തയ്യാറാക്കാം. നിങ്ങളുടെ പാഠം പ്രവൃത്തി 3:1-11 വരെ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാകണം, അതേ സമയം മറ്റു വാക്യങ്ങളിലെ വിശദീകരണങ്ങളും നിങ്ങൾക്കു കൂട്ടിച്ചേർക്കാം – പ്രവൃത്തി 3, 4 (3:12, 16; 4:7–10, 14, 15, 22; മുതലായവ).

## കുറിപ്പുകൾ

[1]പാഠത്തിലും കുറിപ്പിലും "ഞാൻ അംഗമാകാൻ ഇഷ്ടപ്പെടുന്ന" എന്ന ഈ പുസ്തകത്തിലെ പാഠത്തിൽ യെഹൂദക്രിസ്ത്യാനികളുടെ ദൈവാലയ ആരാധന ചുരുക്കി വിവരിച്ചിട്ടുണ്ട്. ദൈവം എല്ലാം ഒരുമിച്ച് വെളിപ്പെടുത്തികൊടുക്കുന്നതുകൊണ്ട് ആദിമ ക്രിസ്ത്യാനികൾക്കു അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. ആദ്യമായി അവർക്കു വെളിപ്പെടുത്തി കൊടുത്തുഎന്ന സൂചനയുള്ളതു എങ്ങനെ ആരാധിക്കണം എന്നാണ് (2:42). 2ലും 3ലും ഒന്നും നമ്മെ നിർബ്ബന്ധിക്കുന്നില്ല. യെഹൂദാചാരപ്രകാരം ആരാധിക്കാൻ അവർ തുനിഞ്ഞു. എങ്ങനെയായാലും, A.D. 70–ൽ ദൈവാലയം നശിപ്പിക്കപ്പെട്ടതോടെ അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇല്ലാതായി. [2]ചില അധികാരികൾ പറയുന്നതു ദൈവാലയ വിസ്തീർണ്ണം ഏതാണ്ട് 600,000 ചതുരശ്ര അടി വരും എന്നാണ്. [3]യെഹൂദ സ്ത്രീ പുരുഷന്മാർ പ്രാർത്ഥനക്കു കൂടിവന്നിരുന്ന വലിയ ദൈവാലയ ഭാഗമായിരുന്നു സ്ത്രീകളുടെ പ്രാകാരം. അതു ഏതാണ്ട് ഇരുന്നൂറ് ചതുരശ്ര അടിവരും. (ദൈവാലയത്തെ സംബന്ധിച്ച എല്ലാ വാക്കുകളും ഈ പാഠത്തിലെ ദൈവാലയ ചിത്രത്തിൽ നിന്നു കിട്ടും). [4]സങ്കീർത്തനങ്ങൾ 55:17 പറയുന്നു "ദാവീദ് വൈകുന്നേരവും, രാവിലെയും ഉച്ചക്കും പ്രാർത്ഥിച്ചിരുന്നു.'' "ദാനിയേൽ ദിവസത്തിൽ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചിരുന്നു" (ദാനിയേൽ 6:10), "വൈകുന്നേരവും വഴിപാടു സമയങ്ങളിലും" (ദാനിയേൽ 9:21). പുരോഹിതന്മാർ ദിവസത്തിൽ രണ്ടു പ്രാവശ്യം ആട്ടിൻ കുട്ടിയെ (പുറപ്പാട് 29:38–43) യാഗം കഴിച്ചിരുന്നു (പുറപ്പാട് 30:1–10). വഴിപാടും ധൂപവും അർപ്പിച്ചിരുന്നതു ഒരുപക്ഷേ ആളുകൾ പ്രാർത്ഥിപ്പാൻ കൂടി വന്നതു ഒരുപക്ഷേ ഒരേ സമയത്തു, തന്നെ ആയിരിക്കാം (ലൂക്കൊസ് 1:8–10). ഇതിനർത്ഥം യെഹൂദന്മാർ ഈ സമയങ്ങളിൽ മാത്രമെ പ്രാർത്ഥിക്കാറുള്ളു എന്നു വിചാരിച്ചുവെന്നല്ല. [5]"ധർമ്മം" എന്നത് സഹായമാണ്. 3–ാം വാക്യത്തിൽ NIV യിൽ "അവൻ അവരോട് പണം ചോദിച്ചു.'' [6]മുഖ്യമായി 3 സ്ഥലങ്ങളിലാണ് അക്കാലത്ത് ഭിക്ഷയാജിക്കേണ്ടത്: (1) ധനവാന്റെ വാതിൽക്കൽ (ലാസർ ചെയ്തതുപോലെ), (2) മുഖ്യവീഥികളിൽ (ബർത്ഥിമായി ചെയ്തതുപോലെ), അല്ലെങ്കിൽ (3) ആരാധനാ സ്ഥലത്തിനടുത്ത് (ഈ മനുഷ്യൻ ചെയ്തതുപോലെ). യെഹൂദമതത്തിൽ ധർമ്മം കൊടുക്കുന്നതു യോഗ്യതാ പ്രവൃത്തി യായി ഗണിച്ചിരുന്നു. [7]യാചകനെ ദൈവാലയത്തിനടുത്തേക്കു വരുവാൻ അനുവദിച്ചിരുന്നില്ല (കെട്ടിടത്തിന്റെ വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവുമുള്ള ഭാഗം), മൊത്തം ദൈവാലയത്തിന്റെ മതിലുകൾക്കു പുറത്തുയാചിക്കാൻ പറ്റിയ സംഘവുമല്ല, വേറൊരർത്ഥത്തിൽ പറഞ്ഞാൽ സ്ത്രീകളുടെ പ്രാകാര കവാടമാണ് യാചകർക്കു പറ്റിയ സ്ഥലം. [8]ജോസെഫ്, എഫ്.എഫ്. ബ്രൂസി ന്റെ പുസ്തകമായ, *ദി ബുക്ക് ഓഫ് ആക്ട്സ്* ഉദ്ധരിച്ചിട്ടുണ്ട്, ദി ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദി ന്യൂടെസ്റ്റമെന്റ്, rev. ed. (ഗ്രാന്റ് റാപ്പിഡ്സ്, മെക്ക്.: ഡബ്ലിയൂ.എം. ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി ., 1988) 77. [9]വാക്യം 7 പറയുന്നു പ്രശ്നം "കാലിനും നരിയാണിക്കും" ആയിരുന്നു. ചിലർ വിചാരിക്കുന്നത് അവന്റെ കാലിൽജോയിന്റുകൾ ഒരിക്കലുംവളർന്നിട്ടില്ല എന്നാണ്. [10]ഡെക്സ് ജോബ് അടിസ്ഥാനമായി നിലവിലുണ്ടായിരുന്നില്ല.

[11]എന്നെ തെറ്റിദ്ധരിക്കരുത് പത്രോസിന്റേയും യോഹന്നാന്റേയും, സഹതാപത്തെയും മനസലിവിനേയും ഞാൻ കുറച്ചു കാണുന്നില്ല. നൂറു കണക്കിനു അംഗവൈകല്യമുള്ളവർ സൗഖ്യപ്പെട്ടിരിക്കാം ഈ പ്രത്യേക വ്യക്തിയെ പ്രത്യേക സമയത്തു സൗഖ്യമാക്കുവാൻ പ്രത്യേക കാരണം കണ്ടേക്കാം. [12]കാലത്തു 8.30 നു

മുമ്പായി അവൻ ദൈവാലയ പരിസരത്ത് എത്തണം. "പ്രാർത്ഥനയുടെ ഒന്നാം മണിനേരം" നമ്മുടെ കാലത്തു 9 മണിയാണ്. [13]ചില യാചകർ വർഷങ്ങളായി വരുന്നവർ അഭിവൃദ്ധി പ്രാപിച്ചിരിക്കും, പക്ഷെ ഈ മനുഷ്യൻ അങ്ങനെ ആയിരുന്നില്ല. [14]എത്രത്തോളം ദയവു കിട്ടാമോ അത്തരത്തിൽ നിസ്സഹായത ജനിപ്പിക്കുന്നതു യാചകർക്കിടയിലെ പരിശീലനമായിരുന്നു. [15]ഓരോ ദിവസവും, ഈ മുടന്തനെ ചുമന്നുകൊണ്ടു വന്നതു ആരാണെന്നു നമ്മോടു പറഞ്ഞിട്ടില്ല. ഒരുപക്ഷേ യാചകരെ ഓരോ ദിവസവും ചുമന്നു കൊണ്ടു യാചനാസ്ഥലത്ത് എത്തിക്കയും തിരിച്ചു സ്വസ്ഥാനത്തെത്തിക്കയും ചെയ്തു ഉപജീവനം നടത്തുന്നവർ ഉണ്ടായിരുന്നേക്കാം. [16]പത്രൊസിനെയും യോഹന്നാനേയും അവൻ ഉറ്റുനോക്കിയതു എന്തെങ്കിലും കിട്ടുമോ എന്നു വിചാരിച്ചായിരുന്നു. [17]യാചകർക്കു സാധാരണ സമ്പാദ്യമൊന്നുമില്ലായിരുന്നു. അന്നന്നു കിട്ടുന്നതു കൊണ്ടായിരുന്നു അവരുടെ ഉപജീവനം. [18]അപ്പൊസ്തലന്മാർ "പ്രാർത്ഥനയിലും, വചന ശുശ്രൂഷയിലും ഉറ്റിരുന്നതിനാൽ അവർക്കും സമ്പാദ്യമൊന്നുമില്ലായിരുന്നു" (6:4), അവരെ അവർക്കിടയിൽ, ഉണ്ടായിരുന്ന മറ്റംഗങ്ങൾ സഹായിച്ചുകൊണ്ടിരുന്നേക്കാം (2:45). [19]പ്രവൃത്തി 3ഉം പ്രവൃത്തി 14ഉം ഒരേ വിവരണമായതുകൊണ്ട്, വ്യാഖ്യാതാക്കൾ 14ലെ വിശദവിവരം 3 ലേക്ക് എടുക്കാറുണ്ട് അവർ. വിശദവിവരങ്ങൾ വിവരിച്ചിട്ടുണ്ട്. [20]അത്ഭുതരോഗശാന്തി ആവശ്യമായി നിരാശയിലായിരിക്കുന്നവരിൽ, കണ്ടു വരാറുള്ള ചില കാര്യങ്ങളിൽ ഒന്ന് – വിശ്വാസമാണ്. അത്ഭുതരോഗശാന്തി നടത്തുന്നു എന്നവകാശപ്പെടുന്നവർ രോഗികൾ സൗഖ്യമാകാതെ പോകുന്നവരെക്കുറിച്ച് തള്ളിപ്പറയുന്ന ചില കാര്യങ്ങളുണ്ട്. അതിലൊന്നാണ്

[21]രോഗികളുടെ വിശ്വാസം ചിലപ്പോൾ അത്ഭുതം നടത്തുന്ന വ്യക്തിക്കുണ്ടായിരുന്ന വിശ്വാസത്തെ പറ്റി പറയുന്നുണ്ട്. എന്നാൽ അത്ഭുതം വേണ്ടിവന്നവരിൽ വിശ്വാസം ആവശ്യമായി ഒരിടത്തും പറഞ്ഞി*ട്ടില്ല*; തബീഥക്കു എത്രവിശ്വാസം ഉണ്ടായിരുന്നു (പ്രവൃത്തി 9)? [22]പത്രൊസിന്റെ ഉറപ്പ് ഈ അവസരത്തിൽ നല്കുന്നതിന്റെ സൂചന അപ്പൊസ്തലൻ യേശുവിന്റെ നാമത്തിൽ ആദ്യമായിട്ടല്ല ഒരാളെ സൗഖ്യമാക്കിയതു. പക്ഷെ രേഖപ്പെടുത്തിയ ആദ്യത്തെ അത്ഭുതരോഗശാന്തിയാണിത്. [23]ഏഴു യെഹൂദമന്ത്രവാദികൾ ഇതിനെ തെറ്റായി ചിന്തിക്കുകയും അവസാനം നഗ്നരായി റോഡിൽകൂടെ നടക്കുകയും ചെയ്തു (19:13–16). [24]യേശുക്രിസ്തുവിന്റെ സ്മരണിയമായ നാളുകളിൽ പലതിലും അവൻ ദൈവാലയത്തിൽ ഉണ്ടായിരുന്നേക്കാം, പെന്തെകൊസ്തു സംഭവം പറയുന്നതിനല്ല. [25]വൈദ്യശാസ്ത്രപരമായ വിശദീകരണമാണ് വൈദ്യനായ ലൂക്കോസ് നല്കുന്നത്. [26]NIV പറയുന്നു "അവൻ പാദങ്ങൾ ഊന്നിച്ചാടി" എന്നാണ്. [27]"ആത്മാവിന്" സാധാരണ ഉപയോഗിക്കുന്ന വാക്കാണ് *സുക്കെ* എന്നത്, എന്നാൽ ഈ പദം "മനസിനു" ഉപയോഗിച്ചിരിക്കയാണ്. അത്തരം വാക്കാണ് "സൈക്കോളജി" (മനസിനെക്കുറിച്ചുള്ള പഠനം). [28]ഇത്തരം, പ്രസ്താവനകൾ ചിലർക്കു പുതിയ നിയമകാലത്തു ദൈവം ശക്തനായിരുന്നു, പക്ഷേ ഇപ്പോൾ അങ്ങനെയല്ല അല്ലെങ്കിൽ പുതിയ നിയമകാലയളവിലുണ്ടായിരുന്ന പ്രധാനപ്പെട്ട ചിലതു നമുക്കു ഇല്ല എന്നു ചിന്തിക്കുന്നു. ഓരോ ക്രിസ്ത്യാനിയുടേയും ദൈനന്തിന ജീവിതത്തിൽ അത്ഭുതത്തിന്റെ പ്രാധാന്യം അതിശയോക്തി കലർത്തി പറഞ്ഞിരുന്നു. അത്ഭുതം ചെയ്യുവാനുള്ള കഴിവ് ആളുകളെ മേന്മയുള്ളവരാക്കുകയോ സ്വർഗ്ഗത്തിലേക്കു പോകാൻ ഒരുക്കുകയോ ചെയ്തില്ല (1 കൊരിന്ത്യർ നോക്കുക). അതുപോലെ, ഭൗതികമായ ആരോഗ്യത്തിന്റെ പ്രാധാന്യവും അതിശയോക്തിപരമായി പറഞ്ഞിരുന്നു. നമ്മളാരും രോഗികളാകു

ന്നതു തിരഞ്ഞെടുക്കാറില്ല. എന്നാൽ രോഗത്തിനും വിലയുണ്ട് (സങ്കീർത്തനങ്ങൾ 119:71). ഭൗതിക ആരോഗ്യമല്ല, ആത്മീയ ആരോഗ്യം, പ്രാധാന്യമുള്ളതായി നാം ഓർമ്മിക്കേണ്ടത്. ഇന്നു *സ്ഥിരമായ വിലയുണ്ട്* എല്ലാം ക്രിസ്ത്യാനിത്വത്തിലാണ്. [29]NIV പറയുന്നതു "അവർ അവനെ തിരിച്ചറിഞ്ഞു" എന്നാണ്. [30]യെഹൂദ പ്രമാണികളിലേക്കും വാർത്ത പരന്നു, നാം 4:1–4 വരെ നോക്കുമ്പോൾ.

[31]എവിടെയാണ് ഇതെല്ലാം സംഭവിച്ചതെന്നു ലൂക്കോസ് പറയുന്നില്ല ഇതു എങ്ങനെയെല്ലാം സംഭവിച്ചു എന്നു വ്യക്തമാക്കുന്നില്ല. നടന്നിരിക്കാൻ സാദ്ധ്യതയുള്ളതു. [32]ദി വെസ്റ്റേൺ ടെക്സ്റ്റ് ഈ ഭാഗത്തെ വിപുലീകരിക്കുന്നതു, വായിക്കാം, "പത്രോസും യോഹന്നാനും വന്നപ്പോൾ, അവനും അവരോടുകൂടെ ചേർന്നു നിന്നു." അപ്പൊസ്തലന്മാരുടെ അടുത്തു തന്നെ നിന്നതുകൊണ്ട് അവർക്കു അവനിൽ ചെയ്തതു കാണിച്ചു കൊടുക്കാൻ കഴിഞ്ഞു – അവൻ അവരെ വിട്ടുപോയാൽ ദൈവത്തെയാണ് പുകഴ്ത്തിയത്, അതുകൊണ്ട് ഇതിനു സാദ്ധ്യതയില്ല. [33]ലൂക്കോസ് ഇതിനെ "ശലോമോന്റെ മണ്ഡപം എന്നു *വിളിക്കാൻ* കാരണം" പാരമ്പര്യം പറയുന്നതു, ആരംഭത്തിൽ ശലോമോൻ പണിത ദൈവാലയത്തിന്റെ ഭാഗമായതുകൊണ്ടാണെന്നാണ്. അതിനു തെളിവൊന്നുമില്ല. മറിച്ചാണെന്നതിനാണ് തെളിവുള്ളത്. ഗഖഢഇതിനെ "ശലോമോന്റെ പോർച്ച്"; എന്നു പറയുമ്പോൾ NIV പറയുന്നതു "ശലോമോന്റെ തൂൺ നിര" എന്നാണ്. [34]ബാർക്ലേ തർജ്ജിമ പോർച്ച് പറയുന്നതു. "അവർ പൂർണ്ണമായും അത്ഭുതപ്പെട്ടിരുന്നു" (വില്ല്യം ബാർക്ലേ, *ദി ആക്സ് ഓഫ് ദി അപ്പൊസ്തലൽസ്*, ദി ഡെയ്‌ലി ബൈബിൾ സ്റ്റഡി സീരീസ്, rev. ed. [ഫിലാദെൽഫിയ, ജമ.: വെസ്റ്റ് മിനിസ്റ്റർ പ്രെസ്സ്, 1976], 33). [35]ജാതികളുടെ പ്രാകാരത്തിനു അഭിമുഖമായി അതു തുറന്നിരുന്നു. [36]പുതിയ നിയമകാലത്തു നടന്ന അത്ഭുതവും ഇന്നു നടക്കുന്നു എന്നവകാശപ്പെടുന്ന അത്ഭുതവും തമ്മിലുള്ള മറ്റൊരു വ്യത്യാസം അന്നു നടന്നതു ആരംഭത്തിൽ തന്നെ ആളുകളെ ആകർഷിച്ചിരുന്നു. ഇന്നു *ആദ്യം* ആളുകളെ രോഗ സൗഖ്യത്തിനായി ഇളക്കും; *പിന്നെ* രോഗശാന്തി ശുശ്രൂഷ. പുതിയ നിയമകാലയളവിൽ സുവിശേഷ പ്രസംഗ മായിരുന്നു പ്രധാനമായി നടന്നത്. ഇന്നോ രോഗശാന്തിയാണ് പ്രധാനം.